## മുദ്രകൾ

# ഷൂവെറിഞ്ഞ് ചരിത്രത്തിലേക്ക് നടന്നുകയറിയ സൈദി

**"ഇത്** ചരിത്രത്തിലെ ഒരു സുപ്രധാന നിമിഷമാണ്. ഈ നാട്ടിൽ അയാൾ എത്രമാത്രം വെറുക്കപ്പെടുന്നു എന്നതിന്റെ അടയാളം. ഏറ് അയാൾക്ക് കൊള്ളാത്തതിൽ എനിക്ക് നിരാശയുണ്ട്"- മുൻതദർ സൈദി എന്ന ഇറാഖി പത്രപ്രവർത്തകൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിനെ ഷൂ എറിഞ്ഞതിനെക്കുറിച്ച് ഒരു പ്രാദേശിക റിപ്പോർട്ടറുടെ കമന്റ്. സൈദി ഇപ്പോൾ ഇറാഖികളുടെ ദേശീയ ഹീറോയാണ്. ലക്ഷക്കണക്കിന് ഇറാഖികളും അല്ലാത്തവരും ചെയ്യണമെന്ന് സ്വപ്നം കാണുന്നതാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. സന്ദർശനം നടത്തുന്ന രാഷ്ട്രത്തലവനെ അപമാനിച്ചാൽ ഇറാഖിൽ രണ്ടു വർഷം വരെ തടവ് ശിക്ഷ ലഭിക്കാം. സുരക്ഷാ വിഭാഗം പിടികൂടിയ സൈദിയെ മർദിച്ചവശനാക്കിയതായാണ് റിപ്പോർട്ട്. അദ്ദേഹത്തെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലോകമെങ്ങും പ്രതിഷേധം കത്തിപ്പടരുന്നു. അധിനിവേശ വിരുദ്ധ പോരാട്ടത്തിന് ഓർക്കാപ്പുറത്ത് ലഭിച്ച ഇന്ധനമായി സൈദിയുടെ ഷൂ ഏറ്.

ഷൂ ഏറ് ആസൂത്രിതമാണോ, മറ്റാരെങ്കിലും ഇതിന് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്ന രീതിയിലാണ് അന്വേഷണത്തിന്റെ പോക്ക്. യഥാർഥത്തിൽ മറ്റാരുടെയും ചാവേറായി പ്രവർത്തിക്കുകയായിരുന്നില്ല സൈദി. അധിനിവേശത്തിന്റെ കടുത്ത വിമർശകനായിരുന്നു കയ്റോ ആസ്ഥാനമായി പ്രവർത്തിക്കുന്ന *ബഗ്ദാദിയ്യ* ടിവിയുടെ 29കാരനായ ഈ റിപ്പോർട്ടർ. സൈദി ശീഈ വിശ്വാസക്കാരനാണ്. അദ്ദേഹത്തിന്റെ ചാനലാകട്ടെ സുന്നി മാനേജ്മെന്റിന്റെ കീഴിലുള്ളതും. 2007ൽ മിലീഷ്യകൾ സൈദിയെ തട്ടിക്കൊണ്ട് പോയപ്പോൾ, *ബഗ്ദാദിയ്യ* ചാനൽ തങ്ങളുടെ ഒരു സ്റ്റുഡിയോക്ക് അദ്ദേഹത്തിന്റെ പേരിട്ടു. സഹ്റ എന്ന ഇറാഖി വിദ്യാർഥിനിയെ അധിനിവേശ പട്ടാളം വെടിവെച്ചു കൊന്ന സംഭവം പുറത്തുകൊണ്ടുവന്നതാണ് അദ്ദേഹത്തിന്റെ പത്രപ്രവർത്തന ജീവിതത്തിലെ മികച്ച റിപ്പോർട്ടുകളിലൊന്ന്. ഈ വർഷമാദ്യം അധിനിവേശസേന സൈദിയെ പിടികൂടിയിരുന്നെങ്കിലും പിറ്റേ ദിവസം തന്നെ വിട്ടയച്ചു.

അമേരിക്ക ധനസഹായം ചെയ്യുന്ന *അൽഹുർറ* എന്ന ഇറാഖി ചാനൽ വലിയ ഓഫറുകളുമായി സൈദിയെ സമീപിച്ചിരുന്നു. രണ്ടാമതൊന്ന് ആലോചിക്കാതെ ആ ഓഫർ അദ്ദേഹം തള്ളിക്കളഞ്ഞു. "ഒരു അധിനിവേശ അനുകൂല ചാനലിനു വേണ്ടി എനിക്ക് പ്രവർത്തിക്കാൻ കഴിയില്ല. ഞാൻ ചില മൂല്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നവനാണ്." ■



*ബുഷിനു നേരെ ഷൂ എറിയുന്നു (ഇൻസെറ്റിൽ സൈദി)*

## ഭീകരതക്കെതിരെ മനുഷ്യ ചങ്ങല



**173** പേർ അറുകൊലചെയ്യപ്പെട്ട മുംബൈ ഭീകരാക്രമണത്തിൽ പ്രതിഷേധിക്കാൻ മുംബൈ നിവാസികൾ കഴിഞ്ഞ ഡിസംബർ 12-ന് മനുഷ്യചങ്ങല തീർത്തു. വിദ്യാർഥികളും ഉദ്യോഗസ്ഥരും തൊഴിലാളികളും ഉൾപ്പെടെ വലിയൊരു ജനാവലി പങ്കെടുത്തു. ഭീകരതക്കെതിരെ അവർ മുദ്രാവാക്യങ്ങൾ മുഴക്കി. ■

മുദ്രകൾ

# അറബ് വംശജർ ഇസ്രയേൽ വിടണമെന്ന് ലിവ്നി

**പുതിയ** ഫലസ്ത്വീൻ രാഷ്ട്രം രൂപവത്കരിക്കപ്പെട്ടുകഴിഞ്ഞാൽ ഇസ്രയേലിലെ ഫലസ്ത്വീനി വംശജർ ആ രാഷ്ട്രത്തിലേക്ക് പൊയ്ക്കൊള്ളണമെന്ന ഖാദിമ പാർട്ടി നേതാവ് ടിസിപ്പി ലിവ്നിയുടെ പ്രസ്താവന വിവാദമാകുന്നു. അടുത്ത ഫെബ്രുവരി പത്തിന് ഇസ്രയേലിൽ നടക്കാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഖാദിമ പാർട്ടി വിജയിച്ചാൽ പ്രധാനമന്ത്രിയാവാനിരിക്കുന്ന വനിതാ നേതാവാണ് ലിവ്നി. അതുകൊണ്ടുതന്നെ അവരുടെ പ്രസ്താവന ഗൗരവത്തോടെയാണ് രാഷ്ട്രീയ വൃത്തങ്ങൾ നോക്കിക്കാണുന്നത്. “ഇസ്രയേലിലെ അറബികൾ എങ്ങോട്ടും പോവുന്നില്ല. ഞങ്ങളും ഈ ഭൂമിയുടെ അവകാശികളാണ്. ഞങ്ങൾ ഇവിടെയാണ് ജനിച്ചത്. ഇവിടെത്തന്നെ മറമാടപ്പെടുകയും ചെയ്യും” ഇസ്രയേൽ പാർലമെന്റിലെ (Kenesset) അറബ് പ്രതിനിധി അബ്ബാസ് സകൂർ പറഞ്ഞു.


ടിസിപ്പി ലിവ്നി

ജൂതന്മാരും അറബികളും വ്യത്യസ്ത ദേശീയതകളെ പ്രതിനിധീകരിക്കുന്നവരാണെന്നും ഒരേ രാഷ്ട്രത്തിനകത്ത് അവരുടെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റപ്പെടുകയില്ലെന്നുമാണ് ലിവ്നി പറഞ്ഞത്. ഇത് അറബികളില്ലാത്ത ‘ശുദ്ധ’ ജൂതരാഷ്ട്രം ഉണ്ടാക്കാനുള്ള പുറപ്പാടാണെന്ന് അബ്ബാസ് സകൂർ മുന്നറിയിപ്പ് നൽകുന്നു. “ഇസ്രയേലിൽ ജൂതന്മാർ മാത്രമേ ഉണ്ടാകാവൂ എന്ന കാര്യത്തിൽ ഇടത്-വലത് പക്ഷങ്ങൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ട്. ഇത് മുൻകൂട്ടി കണ്ട് ജാഗ്രത പാലിച്ചേ പറ്റൂ.” ഇസ്രയേൽ വിടാൻ താൻ അറബ് പൗരന്മാരെ നിർബന്ധിക്കുകയില്ലെന്ന് ലിവ്നി പിന്നീട് വ്യക്തമാക്കുകയുണ്ടായി.

2006-ലെ കണക്കുപ്രകാരം ഇസ്രയേലിലെ ആറര മില്യൻ ജനങ്ങളിൽ 19.8 ശതമാനം അറബ് വംശജരാണ്. ■

# ടുണീഷ്യയിൽ പുതിയ പ്രഭാതം?

**ടുണീഷ്യൻ** ഭരണകൂടവും അവിടത്തെ ഇസ്‌ലാമിക പ്രസ്ഥാനമായ അന്നഹ്ദയും തമ്മിൽ ഇരുപത് വർഷത്തിലധികമായി തുടരുന്ന സംഘർഷത്തിന് അറുതിവരികയാണോ? ഭരണകൂടത്തിന്റെ ക്രിയാത്മകമായ ചില നടപടികൾ നൽകുന്ന സൂചന അതാണ്. ഈയിടെയാണ് അന്നഹ്ദയുടെ 21 പ്രവർത്തകരെ ജയിലിൽനിന്ന് വിട്ടയച്ചത്. രാഷ്ട്രീയ കാരണങ്ങളാൽ ഇവർ 18 വർഷമായി തടവിൽ കഴിയുകയായിരുന്നു. ഇനിയൊരൊറ്റ അന്നഹ്ദ പ്രവർത്തകനും ടുണീഷ്യൻ ജയിലിൽ ഇല്ല എന്നാണ് പ്രസ്ഥാനത്തിന്റെ മുതിർന്ന നേതാവ് ഡോ. അബ്ദുൽ മജീദ് നജ്ജാർ സാക്ഷ്യപ്പെടുത്തുന്നത്. “ദീർഘകാലമായി തടവിൽ കഴിഞ്ഞവരെ മോചിപ്പിച്ചത് മാനുഷിക പരിഗണനകളാലാവാം. ഭരണകൂടം ഒത്തുതീർപ്പിന് സന്നദ്ധമാകുന്നു എന്നതിന്റെ സൂചനയായും ഈ നീക്കത്തെ കാണുന്നതിൽ തെറ്റില്ല.”

ടുണീഷ്യയിലെ ജനകീയ പ്രസ്ഥാനമാണ് അന്നഹ്ദ. ഏറക്കുറെ സ്വതന്ത്രമായി നടന്ന ഒരു തെരഞ്ഞെടുപ്പിൽ ഭരിക്കാനാവശ്യമായ ഭൂരിപക്ഷം വരെ പാർട്ടിക്ക് ലഭിക്കുകയുണ്ടായി. ഭരണകൂടം ഇടപെട്ട് ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയായിരുന്നു.


അന്നഹ്ദയുടെ ചിഹ്നം

നേതാക്കളെയും പ്രവർത്തകരെയും കൂട്ടത്തോടെ ജയിലിലടച്ചു. അന്നഹ്ദയുടെ സ്ഥാപക നേതാവ് റാശിദ് ഗനൂഷിയടക്കമുള്ളവർക്ക് പ്രവാസജീവിതം സ്വീകരിക്കേണ്ടി വന്നു. സംഘർഷം ലഘൂകരിക്കാൻ അന്നഹ്ദ പലവട്ടം സംഭാഷണത്തിന് തയാറായെങ്കിലും ഗവൺമെന്റ് അതൊന്നും ചെവികൊള്ളുകയുണ്ടായില്ല. പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട അന്നഹ്ദയുടെ സ്ഥാനത്തേക്ക് ഉത്തരാഫ്രിക്കയിൽ ശക്തിപ്പെടുന്ന തീവ്രവാദ ഗ്രൂപ്പുകൾ കയറിനിൽക്കുമോ എന്ന ഭയമാണ് ഭരണകൂടത്തെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചതെന്ന് കരുതപ്പെടുന്നു. സുലൈമാൻ നഗരത്തിൽ ഈയിടെയുണ്ടായ തീവ്രവാദി ആക്രമണം അതിന്റെ സൂചനയാണ്.

സ്വിറ്റ്സ്വർലന്റിൽ വെച്ച് അന്നഹ്ദയുടെ ചില നേതാക്കളും ഗവൺമെന്റ് പ്രതിനിധികളും അനൗദ്യോഗിക ചർച്ചകൾ നടത്തിയതായി വാർത്തയുണ്ട്. അനുരഞ്ജനം സാധ്യമായാൽ അത് ടുണീഷ്യയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായത്തിന്റെ തുടക്കമായിരിക്കും. ■